**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6384** **10-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ രേഖകളിലെ തിരുത്തൽ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത കാരണം നിരവധി രക്ഷിതാക്കളും കുട്ടികളും പ്രയാസമനുഭവിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എ) എസ് എസ് എൽ സി രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത കാരണം നിരവധി രക്ഷിതാക്കളും കുട്ടികളും പ്രയാസമനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിന് മുൻപുള്ള അപേക്ഷകളിൽ എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തൽ വരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) | (ബി) എസ്.എസ്. എൽ.സി ബുക്കിലെ തിരുത്തലുകൾ വിദ്യാർത്ഥിയുടെ അഡ്മിഷൻ രജിസ്റ്ററിനെയും മറ്റ് സ്കൂൾ രേഖകളെയും , ജനന സർട്ടിഫിക്കറ്റിനെയും ആധാരമാക്കിയാണ് ചെയ്തു കൊടുക്കുന്നത്. ((1) ജനനത്തീയതി തിരുത്തുന്നതിനായി ജനന സർട്ടിഫിക്കറ്റിന്റെയും എസ് എസ് എൽ സി ബുക്കിന്റെയും ഒറിജിനൽ ഹാജരാക്കണം . എസ് എസ് എൽ സി പാസ്സായി 15 വർഷം കഴിയുന്ന കേസുകളിൽ സർക്കാരിൽ നിന്ന് കാലതാമസം മാപ്പാക്കിക്കൊണ്ട് ലഭ്യമാകുന്ന ഉത്തരവിന്റെ പകർപ്പ് കൂടി ഹാജരാക്കണം. 500/- രൂപ തിരുത്തൽ ഫീസ് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുകയും വേണം (2)പേര് ജാതി മതം മുതലായവയിലെ തിരുത്തലുകൾ ക്ളറിക്കൽ എറർ ആണെങ്കിൽ മാത്രമേ തിരുത്തി നൽകാറുള്ളു(അതായത് അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ നിന്ന് തെറ്റായി എസ് എസ് എൽ സി ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന കേസുകളിൽ മാത്രം) (3)ലിംഗമാറ്റം ആവശ്യപ്പെടുന്ന കേസുകളിൽ സാമൂഹ്യ നീതി വകുപ്പ് നൽകുന്ന ഐ ഡി കാർഡും ലിംഗമാറ്റ ശസ്ത്രക്രിയയുടെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഹാജരാക്കണം (4) പിതാവിന്റെയും മാതാവിന്റെയും പേര്, ജനനസ്ഥലം എന്നിവ ജനന സർട്ടിഫിക്കറ്റ് പ്രകാരം തിരുത്തി നൽകുന്നു. (5) മേൽ വിലാസം തിരുത്തുന്നതിന് ബന്ധപ്പെട്ട റവന്യു അധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കണം ജനനത്തീയതി ഒഴികെയുള്ള തിരുത്തലുകൾക്ക് 30/- |

| | | | |
|---|---|---|---|
| | | | രൂപ തിരുത്തൽ ഫീസ് ഇനത്തിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടു ക്കേണ്ടതാണ്. (എസ് സി /എസ് ടി വിഭാഗത്തിന് ഫീസ് ഇളവ് അനുവദിക്കുന്നതാണ്) എല്ലാ തിരുത്തൽ അപേക്ഷകളും വിദ്യാർത്ഥി എസ്.എസ്.എൽ .സി ക്ക് പഠിച്ച സ്കൂളിലെ പ്രധമാദ്ധ്യാപകൻ വഴി പരീക്ഷാ ഭവനിലേക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം നൽകേണ്ടതാണ്. |
| (സി) | ജനന സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കുന്നതിന് മുൻപുള്ള കേസുകളിലും എസ്.എസ്.എൽ.സി. ബുക്കിൽ ക്ലറിക്കൽ എറർ വന്നവയിലും തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സി)തിരുത്തൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സമയ പരിധി സേവനാവകാശനിയമപ്രകാരം മൂന്ന് മാസമാണ്. രേഖകൾ എല്ലാം ഉൾക്കൊള്ളിച്ച അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീർപ്പികൽ പ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ